ഗ്രൗണ്ട് വാട്ടർ സർവേയുടെ ഡിവിഷണൽ ഓഫീസുകൾ

* 69 [71] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട് വാട്ടർ സർവേയുടെ ഡിവിഷണൽ ഓഫീസുകൾ തുറക്കുന്നതിനുവേണ്ടി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) കോട്ടയത്തും പാലക്കാട്ടും ഓരോ റീജിയണൽ ഓഫീസുകൾ തുറക്കാനും കോട്ടയത്തും കോഴിക്കോട്ടും എൻജിനീയറിംഗ് സബ് ഡിവിഷനുകൾ സ്ഥാപിക്കുവാനും ആവശ്യമായ സ്റ്റാഫിനുള്ള അനുമതി നൽകിയിട്ടുണ്ട്.

സൈലൻറ് വാലി വൈദ്യുത പദ്ധതി

* 70 [76] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൈലൻറ് വാലി വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതുമൂലം സൈലൻറ് വാലിയിലെ നിത്യഹരിത വനങ്ങൾ നശിക്കുമെന്നും പ്രകൃതിയെ തന്നെ ഇത് പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ ഭൂമിയിലെ ഏറ്റവും സമ്പന്നമായ ഈ ഹരിതവനങ്ങളേയും അതിലെ അപൂർവ സസ്യങ്ങളേയും ജീവികളേയും രക്ഷിക്കാൻ ഈ വൈദ്യുത പദ്ധതി ഉപേക്ഷിക്കണമെന്നുള്ള അനേകം ശാസ്ത്രജ്ഞൻമാരുടെയും സംഘടനകളുടെയും അഭിപ്രായം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

ഉണ്ട്.

മിനിമം ഗ്യാരൻറി വച്ചിട്ടുള്ള അപേക്ഷകർ

* 71 [78] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കു മുൻപ് മിനിമം ഗ്യാരൻറി വച്ചിട്ടും ഇതുവരേയും വൈദ്യുതി ലഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം;

(ബി) ഇത്തരം അപേക്ഷകർക്ക് വൈദ്യുതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) വൈദ്യുതി വിതരണത്തിനുവേണ്ടി പ്ലാനിൽ വക കൊള്ളിച്ചിട്ടുള്ള തുകയുടെ കുറവും സാധന സാമഗ്രികളുടെ അപര്യാപ്തതയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly